# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കരീപ്ര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P6/1846/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 16/07/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കരീപ്ര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കരീപ്ര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരീപ്ര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P6/1846/2021 തീയ്യതി: 16/07/2022

## കൊല്ലം ജില്ലയിലെ കരീപ്ര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ കരീപ്ര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 30-09-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അമ്പിളി.എം.ഡി | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 24-11-2021 | 01-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 24-11-2021 | 01-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ശശിജോഷ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി സിന്ധു റ്റി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ശ്രീകുമാർ, ഓഡിറ്റർ
ശ്രീമതി.റജിന എ എസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അബ്ദുൾ റഹ്മാൻ | പ്രസിഡന്റ് | 01-04-2020 | 30-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 01-12-2020 | 29-12-2020 |
| അഡ്വ. പി എസ് പ്രശോഭ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ. ബാലകൃഷ്ണപിള്ള.ബി | സെക്രട്ടറി | 01-04-2020 | 31-03-2021 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ ) |
|---|---|---|---|
| ശ്രീമതി ജലജ ആർ | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി സീന.എസ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീ. .വി.എൻ. പ്രകാശ് | എച്ച്. എം | 01-04-2020 | 31-05-2020 |
| ശ്രീമതി ലൂസി വി പണിക്കർ | ഹെഡ്മിസ്ട്രസ് | 01-06-2020 | 31-03-2021 |
| ഡോ. ജ്യോതി ലാൽ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ.ബോബി | മെഡിക്കൽ ഓഫീസർ , ആയുർവേദം | 01-04-2020 | 31-03-2021 |
| ശ്രീമതി പ്രഭ. എസ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ശശികല. എസ്. കെ | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി ഷീനാ ഫിലിപ്പ് | വി.ഇ.ഒ.1 | 01-04-2020 | 05-09-2020 |
| ബിഷ്മ മായ സുധാകരൻ | വി.ഇ.ഒ.1 | 06-09-2020 | 31-03-2021 |
| ശ്രീമതി പുഷ്പ സി കെ | വി.ഇ.ഒ.2 | 01-04-2020 | 31-03-2021 |
| ശ്രീമതി സോഫ്ജി എസ് ഭദ്രൻ | ഫിഷറീസ് ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി അനശ്രീ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 22-07-2020 |
| ശ്രീ. രാജീവ് | അസിസ്റ്റന്റ് എഞ്ചിനിയർ | 23-07-2020 | 06-01-2021 |
| ശ്രീ.അബു സെയ്ദ് | അസിസ്റ്റന്റ് എഞ്ചിനിയർ | 06-01-2021 | 18-01-2021 |
| ശ്രീമതി അനശ്രീ | അസിസ്റ്റന്റ് എഞ്ചിനിയർ | 18-01-2021 | 31-03-2021 |
| ഡോ. ശിവപ്രസാദ് | വെറ്റിനറി സർജൻ | 01-04-2020 | 31-05-2020 |
| ഡോ.പ്രദീപ് കെ ജി | വെറ്റിനറി സർജൻ | 01-06-2020 | 22-06-2020 |
| ഡോ.സൈറാ റാണി കുഞ്ഞ് | വെറ്റിനറി സർജൻ | 23-06-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Rajina A.S (Auditor, On 30-11-2021)<br>Last Updated By: Santhosh N (Computer Assistant, On 08-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: T.Sindhu (Asst. Audit Officer, On 30-11-2021)<br>Last Updated By: Santhosh N (Computer Assistant, On 08-07-2022) | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ<br>Written By: T.Sindhu (Asst. Audit Officer, On 06-12-2021)<br>Last Updated By: Santhosh N (Computer Assistant, On 16-07-2022) | 1-2.1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: T.Sindhu (Asst. Audit Officer, On 30-11-2021)<br>Last Updated By: Santhosh N (Computer Assistant, On 12-07-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: T.Sindhu (Asst. Audit Officer, On 25-11-2021)<br>Last Updated By: Santhosh N (Computer Assistant, On 08-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Rajina A.S (Auditor, On 27-11-2021)<br>Last Updated By: Santhosh N (Computer Assistant, On 08-07-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: A.Sasijosh (Audit Officer, On 30-11-2021)<br>Last Updated By: Santhosh N (Computer Assistant, On 08-07-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: T.Sindhu (Asst. Audit Officer, On 30-11-2021)<br>Last Updated By: Santhosh N (Computer Assistant, On 11-07-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: A.Sasijosh (Audit Officer, On 30-11-2021)<br>Last Updated By: Santhosh N (Computer Assistant, On 11-07-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: A.Sasijosh (Audit Officer, On 07-05-2022)<br>Last Updated By: Santhosh N (Computer Assistant, On 16-07-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: A.Sasijosh (Audit Officer, On 30-11-2021)<br>Last Updated By: Santhosh N (Computer Assistant, On 12-07-2022) | 1-10 |
| 12 | ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയില്ല.<br>Written By: Rajina A.S (Auditor, On 02-12-2021)<br>Last Updated By: Santhosh N (Computer Assistant, On 16-07-2022) | 1-11 |
| 13 | സർക്കാരിന്റെ പ്രത്യേകാനുമതിയില്ലാതെ യാത്രാ ബത്ത അനുവദിച്ചിരിക്കുന്നു.<br>Written By: Rajina A.S (Auditor, On 02-12-2021)<br>Last Updated By: Santhosh N (Computer Assistant, On 11-07-2022) | 1-12 |
| 14 | ഇൻക്രിമെന്റ് കുടിശ്ശിക - എൻ. പി. എസ്. പെൻഷൻ വിഹിതം കുറവു ചെയ്തില്ല<br>Written By: Rajina A.S (Auditor, On 02-12-2021)<br>Last Updated By: Santhosh N (Computer Assistant, On 11-07-2022) | 1-13 |
| 15 | വൃദ്ധർക്ക് കട്ടിൽ വിതരണം - കുറഞ്ഞ നിരക്കുള്ള സ്ഥാപനത്തെ ഒഴിവാക്കി<br>Written By: T.Sindhu (Asst. Audit Officer, On 01-12-2021)<br>Last Updated By: Santhosh N (Computer Assistant, On 16-07-2022) | 1-14 |
| 16 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു<br>Written By: T.Sindhu (Asst. Audit Officer, On 01-12-2021)<br>Last Updated By: Santhosh N (Computer Assistant, On 12-07-2022) | 1-15 |
| 17 | തുടർ സാക്ഷരതാ പരിപാടി - അനർഹർക്ക് ആനുകൂല്യം നൽകി<br>Written By: T.Sindhu (Asst. Audit Officer, On 01-12-2021)<br>Last Updated By: Santhosh N (Computer Assistant, On 16-07-2022) | 1-16 |
| 18 | സോളാർ പവർ പ്ലാന്റ് സ്ഥാപിക്കൽ - നിർദ്ദിഷ്ട നിരക്കിലധികം തുക നൽകി.<br>Written By: T.Sindhu (Asst. Audit Officer, On 01-12-2021)<br>Last Updated By: Santhosh N (Computer Assistant, On 16-07-2022) | 1-17 |
| 19 | ഭവന പുനരുദ്ധാരണ പദ്ധതി - പണി പൂർത്തിയാക്കിയിട്ടില്ല<br>Written By: Sreekumar.S (Auditor, On 03-12-2021)<br>Last Updated By: Santhosh N (Computer Assistant, On 16-07-2022) | 1-18 |
| 20 | മൊബൈൽ ടവറിന്റെ നികുതി നിർണ്ണയിച്ചില്ല<br>Written By: Sreekumar.S (Auditor, On 04-12-2021)<br>Last Updated By: Santhosh N (Computer Assistant, On 11-07-2022) | 1-19 |
| 21 | തെറ്റായ ഉപയോഗക്രമത്തിനെ അടിസ്ഥാനമാക്കി വസ്തുനികുതി നിർണ്ണയിക്കുന്നു<br>Written By: Sreekumar.S (Auditor, On 05-12-2021)<br>Last Updated By: Santhosh N (Computer Assistant, On 16-07-2022) | 1-20 |

| | | |
|---|---|---|
| 22 | മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല.<br>Written By: T.Sindhu (Asst. Audit Officer, On 06-12-2021)<br>Last Updated By: Santhosh N (Computer Assistant, On 11-07-2022) | 1-21 |
| 23 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ നമ്പർ ഇട്ടതിനുശേഷം പാർക്കിംഗ് സൗകര്യം കെട്ടിയടച്ച് വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു<br>Written By: Sreekumar.S (Auditor, On 07-12-2021)<br>Last Updated By: Santhosh N (Computer Assistant, On 11-07-2022) | 1-22 |
| 24 | ബാരൽ വില ഈടാക്കിയിട്ടില്ല.<br>Written By: A.Sasijosh (Audit Officer, On 29-12-2021)<br>Last Updated By: Santhosh N (Computer Assistant, On 12-07-2022) | 1-23 |
| 25 | മരാമത്ത് പ്രവൃത്തി കരാർ കാലാവധിയ്ക്ക് ശേഷം പൂർത്തീകരിച്ച -അന്തിമ ബില്ലിൽ നിന്നും Compensation For Delay Charges ഈടാക്കിയില്ല<br>Written By: A.Sasijosh (Audit Officer, On 29-12-2021)<br>Last Updated By: Santhosh N (Computer Assistant, On 11-07-2022) | 1-24 |
| 26 | ദേശീയ തൊഴിൽ ഉറപ്പ് പദ്ധതി- ചെയ്യാത്ത ഇനങ്ങൾ നിർവ്വഹിച്ചതായി രേഖപ്പെടുത്തി തുക അനുവദിച്ചു<br>Written By: A.Sasijosh (Audit Officer, On 29-12-2021)<br>Last Updated By: Santhosh N (Computer Assistant, On 12-07-2022) | 1-25 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | വൃദ്ധർക്ക് കട്ടിൽ വിതരണം - കുറഞ്ഞ നിരക്കുള്ള സ്ഥാപനത്തെ ഒഴിവാക്കി<br>Written By: T.Sindhu (Asst. Audit Officer, On 06-12-2021)<br>Last Updated By: Santhosh N (Computer Assistant, On 16-07-2022) | 3-1 |
| 2 | തുടർ സാക്ഷരതാ പരിപാടി - അനർഹർക്ക് ആനുകൂല്യം നൽകി<br>Written By: T.Sindhu (Asst. Audit Officer, On 06-12-2021)<br>Last Updated By: Santhosh N (Computer Assistant, On 16-07-2022) | 3-2 |
| 3 | സോളാർ പവർ പ്ലാന്റ് സ്ഥാപിക്കൽ - നിർദ്ദിഷ്ട നിരക്കിലധികം തുക നൽകി.<br>Written By: T.Sindhu (Asst. Audit Officer, On 06-12-2021)<br>Last Updated By: Santhosh N (Computer Assistant, On 16-07-2022) | 3-3 |
| 4 | ബാരൽ വില ഈടാക്കിയിട്ടില്ല.<br>Written By: A.Sasijosh (Audit Officer, On 29-12-2021)<br>Last Updated By: Santhosh N (Computer Assistant, On 16-07-2022) | 3-4 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Rajina A.S (Auditor, On 30-11-2021)<br>Last Updated By: Santhosh N (Computer Assistant, On 12-07-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Rajina A.S (Auditor, On 30-11-2021)<br>Last Updated By: Santhosh N (Computer Assistant, On 12-07-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Rajina A.S (Auditor, On 04-12-2021)<br>Last Updated By: Santhosh N (Computer Assistant, On 12-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Rajina A.S (Auditor, On 27-11-2021)<br>Last Updated By: Rajina A.S (Auditor, On 27-11-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Rajina A.S (Auditor, On 27-11-2021)<br>Last Updated By: Santhosh N (Computer Assistant, On 16-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Rajina A.S (Auditor, On 27-11-2021)<br>Last Updated By: Santhosh N (Computer Assistant, On 12-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Rajina A.S (Auditor, On 27-11-2021)<br>Last Updated By: Santhosh N (Computer Assistant, On 12-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Rajina A.S (Auditor, On 27-11-2021)<br>Last Updated By: Santhosh N (Computer Assistant, On 12-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Rajina A.S (Auditor, On 27-11-2021)<br>Last Updated By: Santhosh N (Computer Assistant, On 12-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Rajina A.S (Auditor, On 04-12-2021)<br>Last Updated By: Santhosh N (Computer Assistant, On 16-07-2022) | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കാനാവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Rajina A.S (Auditor, On 27-11-2021)<br>Last Updated By: Santhosh N (Computer Assistant, On 12-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധം 3 | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

26.03.2020 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 09.02.2021 തീയതിയിലെ VII(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2021 | 06-07-2021 | - | - |

### 1-2.1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

1. ബാലൻസ് ഷീറ്റിൽ സ്റ്റോക്കിന്റെ മൂല്യം ഉൾപ്പെടുത്തിയിട്ടില്ല.
2. വസ്തു നികുതി മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ – സഞ്ചയ -സാംഖ്യ കണക്കുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.
3. ബാലൻസ് ഷീറ്റ് B-18 ൽ ഉൾപ്പെട്ടിട്ടുള്ള ഡെപ്പോസിറ്റ് വിത്ത് വാട്ടർ അതോറിറ്റി 55,67,141/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.
4. Bidder's EMD വരവ് ചെലവ് തുകകൾ രജിസ്റ്റർ പ്രകാരമുള്ളത് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| വാർഷിക കണക്കുപ്രകാരം | രജിസ്റ്റർ പ്രകാരം |
|---|---|
| I) Bidder's EMD | |
| വരവ്- 32000/- | വരവ്- 22000/- |

5. ജീവനക്കാരുടെ തൊഴിൽ നികുതി കളക്ഷൻ തുക രജിസ്റ്റർ പ്രകാരമുള്ളത് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

    വാർഷിക കണക്ക പ്രകാരം – 11,80,230/-രൂപ.
    രജിസ്റ്റർ പ്രകാരം – 12,20,230/-രൂപ.

6. കെ.എസ്.ഇ.ബിയിൽ നിക്ഷേപിച്ച തുക ചെലവ് – വാർഷിക കണക്ക പ്രകാരം 22,49,017/-രൂപ, യഥാർത്ഥ കണക്ക് 23,19,548/-രൂപയുമായി പൊരുത്തപ്പെടുന്നില്ല.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,60,64,558/-രൂപ |
| വരവ് | 10,02,52,007/-രൂപ |
| ആകെ | 11,63,16,565/-രൂപ |
| ചെലവ് | 10,28,60,689/-രൂപ |
| നീക്കിയിരിപ്പ് | 1,34,55,876/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3,91,442/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 24,94,908/-രൂപ |

### 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ (ലാപ്സായ തുക) (₹) | കുറിപ്പ് (₹) |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 1,74,35,250/- | 1,74,35,250/- | 1,74,34,994/- | 256/- | 24,40,149/- Go Project |
| വികസനഫണ്ട് (എസ്.സി.പി) | 0 | 83,91,000/- | 83,91,000/- | 80,11,687/- | 3,79,313/- | 1,60,902/- Go Project |
| വികസനഫണ്ട് (റ്റി. എസ്.പി) | 0 | 0 | 0 | 0 | 0 | - |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ് ഫണ്ട് (റോഡ്) | | 1,73,66,000/- | 1,73,66,000/- | 1,72,66,876/ | 99,124/ | - |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | | 49,10,822/- | 49,10,822/- | 41,08,915/- | 8,01,907/- | - |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Tied) | 0 | 67,90,000 | 67,90,000 | 43,24,993 | 24,65,007/- | - |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Untied) | 0 | 1,42,22,717/- | 1,42,22,717/- | 95,37,835/- | 46,84,882/- | - |
| സംസ്ഥാനാവിഷ്കൃത ഗ്രാന്റ്. | | | | | | |
| സമ്പൂർണ്ണശുചിത്വം | 5,17,111/- | - | 5,17,111/- | - | 5,17,111/- | - |
| ലൈഫ് മിഷൻ-സ്റ്റേറ്റ് ഷെയർ | 6,70,000 | 21,20,000/- | 27,90,000/- | - | 27,90,000/- | - |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ്. | | | | | | |
| ICDS | 5,85,214/- | 8,75,776/- | 14,60,990/- | 10,64,306/- | 3,96,684/- | - |
| MNREGS തൊഴിലാളികളുടെ കൂലി | 0 | 4,55,38,500/- | 4,55,38,500/- | 4,55,38,500/- | 0 | - |
| MNREGS അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 4,79,798/- | 13,31,026/- | 18,10,824/- | 17,69,575/- | 41,249/- | - |
| TSC | 10,44,669/- | 33,57,685/- | 44,02,354/- | 24,000/- | 43,78,354/- | - |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 250 | 16,44,79,807/- | 184 | 7,35,46,910/- | - | 66 | 73.6% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4,79,798/- | 13,31,026/- | 18,10,824/- | 17,69,575/- | 41,249/- |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 4,55,38,500/- | 4,55,38,500/- | 4,55,38,500/- | |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 69,360/- | 102 |
| കർഷകതൊഴിലാളി പെൻഷൻ | 26,50,900/- | 181 |
| വിധവാ പെൻഷൻ | 2,00,28,400/- | 1500 |
| വാർദ്ധക്യകാല പെൻഷൻ | 2,88,52,900/- | 2389 |
| വികലാംഗ പെൻഷൻ | 65,62,400/- | 473 |
| 50 വയസ്സിനു മേലുള്ള അവിവാഹിതർക്കുള്ള ധനസഹായം | 3,84,500/- | 32 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 2,40,000/- | 8 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 6-8-21ന്

സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 53,958/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൗണ്ട് ചെയ്യുന്നുണ്ട്. മാനവൽ രസീതി മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് പരിശോധിച്ച് ഉറപ്പാക്കുന്നതിന് മേൽനോട്ട ചുമതലയുള്ളവർ ശ്രദ്ധിയ്ക്കുന്നുണ്ട്. വൗച്ചറുകൾ തയ്യാറാക്കി ചെലവ് ആധികാരികമാക്കുകയും സാംഖ്യ വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് അംഗീകരിക്കുന്നു.

പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി നികുതികൾ കൃത്യമായി ഈടാക്കേണ്ടതുണ്ട്. പഞ്ചായത്തിന്റെ പരിധിയിൽ കരാർ പ്രവർത്തി ഏറ്റെടുത്ത് നടത്തിയവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഇത്തരം വീഴ്ചകൾ പഞ്ചായത്തിന്റെ വരുമാന നഷ്ടത്തിന് കാരണമാകുന്നുണ്ട്.

ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തി രജിസ്റ്ററിൽ ചേർക്കുന്ന എൻട്രികൾ ഏത് വർഷവുമായി ബന്ധപ്പെട്ടതാണെന്ന് കൃത്യമായി രേഖപ്പെടുത്തുന്നില്ല.

തെരുവു വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് വാങ്ങലുകൾ നടത്തുന്നതിനുള്ള നടപടികളിൽ വീഴ്ചകൾ സംഭവിക്കുന്നതായി കാണുന്നു.

റോഡ് കണക്ടിവിറ്റി പ്ലാൻ, സോഷ്യൽമാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

മരാമത്ത് പ്രവർത്തികളുമായി ബന്ധപ്പെട്ട പ്രോജക്ട് രേഖകളിൽ ബന്ധപ്പെട്ട കരാറുകളിൽ ഇ-ടെന്റർ ഒഴികെയുള്ളവയിൽ നിർവ്വഹണ കാലാവധി ഉൾപ്പെടുത്താത്തത് വീഴ്ചയാണ്. അംഗീകരിച്ച പ്രോജക്ട് രേഖകളിൽ ആസ്തി രജിസ്റ്ററിലെ സവിശേഷ തിരിച്ചറിയൽ നമ്പർ ചേർക്കുന്നില്ല. നിർവ്വഹണത്തിലെ വീഴ്ചകൾ പരിഹരിക്കപ്പെടേണ്ടതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്കരിച്ച് ആസൂത്രണ സമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ വിവിധ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർ മുഖേനയാണ് നിർവ്വഹണം നടത്തുന്നത്. മേഖലാടിസ്ഥാനത്തിൽ അതാത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണഘട്ടത്തിലെ മോണിറ്ററിംഗ് നടത്തേണ്ടത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ എല്ലാ പദ്ധതികളുടെയും ഫയലുകളിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് നടത്തിയതിന്റെ രേഖകൾ ഇല്ല.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച്, നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിൽക്കുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06/09/21-09/09/21 | 4/2020-3/2021 | 09/09/21 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01/01/18 | 2012-13 – 2016-17 | 21.04.2018 |

1-11 ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയില്ല.

2020-21 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ സൂചിപ്പിക്കുന്ന ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1- സ്ഥാപന തൊഴിൽ നികുതി

| | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | മാവേലി സ്റ്റോർ, ഇടയ്ക്കിടം | II |
| 2 | ബി എസ് എൻ എൽ, നെടുമൺകാവ് | I , II |
| 3 | മുത്തൂറ്റ് ഫിൻകോർപ്പ്, കരീപ്ര | I , II |
| 4 | സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കരീപ്ര | II |

| | | |
|---|---|---|
| 5 | റൂറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | II |
| 6 | സിൻഡിക്കേറ്റ് ബാങ്ക് | I , II |
| 7 | മാവേലി സ്റ്റോർ, വാക്കനാട് | I |
| 8 | സപ്ലൈകോ, നെടുമൺകാവ് | I , II |

2. ജീവനക്കാരുടെ തൊഴിൽ നികുതി

| | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | മാവേലി സ്റ്റോർ, ഇടയ്ക്കിടം | II |
| 2 | സി.എച്ച്.സി, നെടുമൺകാവ് | II |
| 3 | സിൻഡിക്കേറ്റ് ബാങ്ക് | II |
| 4 | മാവേലി സ്റ്റോർ, വാക്കനാട് | I |

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരു സ്ഥാപനം/വ്യക്തിയുടെ മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു, എന്നിരിക്കെ മേൽ ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളെ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കുന്നതിന് കത്ത് നല്കിയിട്ടുണ്ടെന്നും, ആയത് ഈടാക്കി അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി നം. – 6/23.10.2021

1-12 സർക്കാരിന്റെ പ്രത്യേകാനുമതിയില്ലാതെ യാത്രാ ബത്ത അനുവദിച്ചിരിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ 18.06.2021ൽ വൗച്ചർ നം 22000185 പ്രകാരം പഞ്ചായത്ത് ജീവനക്കാർക്ക് യാത്രാബത്ത അനുവദിച്ചിട്ടുണ്ട്. ആയതിന് സമയപരിധി പാലിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | യാത്രാബത്ത അനുവദിച്ച മാസം | തുക (₹) |
|---|---|---|
| 1 | 05/2017 | 7,130/- |
| 2 | 06/2017 | 6,540/- |
| 3 | 07/2017 | 5,490/- |
| 4 | 08/2017 | 6,490/- |
| 5 | 09/2017 | 4,280/- |
| 6 | 10/2017 | 5,420/- |
| 7 | 11/2017 | 5,740/- |
| 8 | 12/2017 | 5,410/- |
| 9 | 01/2018 | 5,380/- |
| 10 | 02/2018 | 9,490/- |
| 11 | 03/2018 | 3,780/- |
| 12 | 04/2018 | 5,100/- |
| 13 | 05/2018 | 6,950/- |
| ആകെ | | 77,200/- |

യാത്രാബത്ത അർഹമായ തീയതി മുതൽ ഒരു വർഷത്തിനകം അവകാശപ്പെട്ടിരിക്കണമെന്നും (KSR Vol.I, Part II, Rule 5A), അർഹമായ തീയതി മുതൽ രണ്ട് വർഷത്തിനകം തുക മാറിയിരിക്കണമെന്നും, രണ്ട് വർഷത്തിന് ശേഷം സർക്കാരിന്റെ പ്രത്യേകാനുമതിയുണ്ടെങ്കിലേ തുക മാറാനാവൂ (KFC VolI, A 56(B)(2)) എന്നീ നിബന്ധനകൾ നിലനിൽക്കെ സർക്കാരിന്റെ പ്രത്യേകാനുമതിയില്ലാതെ 77,200/- രൂപ യാത്രാബത്ത അനുവദിക്കാനുണ്ടായ സാഹചര്യം വിശദമാക്കുവാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതും ഉചിതമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം.7 /29.11.2021

1-13 ഇൻക്രിമെന്റ് കുടിശ്ശിക - എൻ. പി. എസ്. പെൻഷൻ വിഹിതം കുറവു ചെയ്തില്ല

ഗ്രാമ പഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റായ ശ്രീമതി അരുണാദേവിയുടെ 2nd & 3rd ഇൻക്രിമെന്റ് കുടിശ്ശിക വൗച്ചർ നം : 22000479 തീയതി 1.10.2020 പ്രകാരം അനുവദിച്ചിട്ടുണ്ട്. കോൺട്രിബ്യൂട്ടറി പെൻഷനിൽ ഉൾപ്പെട്ട ടിയാളുടെ ഇൻക്രിമെന്റ് കുടിശ്ശിക തുകയുടെ 10% തുക പെൻഷൻ ഫണ്ടിലേക്ക് ഒടുക്ക വരുത്തേണ്ടത് നിർബന്ധമാണ്. എന്നാൽ അനുവദിച്ചിരിക്കുന്ന കുടിശ്ശികയിൽ നിന്നും കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതിയിലേയ്ക്കുള്ള 10% പെൻഷൻ വിഹിതം കുറവു ചെയ്തിട്ടില്ല. മേൽ തുകയ്ക്ക് തുല്യമായ പഞ്ചായത്ത് വിഹിതവും അടവാക്കിയിട്ടില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ജീവനക്കാരുടെ പേര് | തസ്തിക | അനുവദിച്ച ഇൻക്രിമെന്റ് കുടിശ്ശിക (₹) | പെൻഷൻ വിഹിതം(₹) | പഞ്ചായത്ത് വിഹിതം(₹) |
|---|---|---|---|---|---|
| 1 | ശ്രീമതി അരുണാദേവി | ഓഫീസ് അറ്റൻഡന്റ് | 10,684/- | 1,068/- | 1,068/- |
| | | ആകെ | | 1,068/- | 1,068/- |

ഇൻക്രിമെന്റ് കുടിശ്ശിക തുകയിൽ നിന്നും 10% പെൻഷൻ വിഹിതം തിരിച്ച് പിടിക്കുകയും അതിന് തുല്യമായ പഞ്ചായത്ത് വിഹിതവും ഒടുക്ക വരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി 11/30.11.2021

1-14 വൃദ്ധർക്ക് കട്ടിൽ വിതരണം - കുറഞ്ഞ നിരക്കുള്ള സ്ഥാപനത്തെ ഒഴിവാക്കി

വൃദ്ധർക്ക് കട്ടിൽ വിതരണം ജനറൽ, എസ്.സി.പി. പദ്ധതികളിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി കൂടിയ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും കട്ടിൽ വാങ്ങിയത് വഴി നഷ്ടം സംഭവിച്ചു.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പദ്ധതി | വൃദ്ധർക്ക് കട്ടിൽ വിതരണം (നം. 22/21) |
| അടങ്കൽ തുക | 1,71,214/-രൂപ (SCP Fund)<br>2,786/-രൂപ (തനത് ഫണ്ട്) |
| ചെലവ് തുക | 1,71,214/-രൂപ (7/24.3.2021) |

അംഗീകൃത പദ്ധതി പ്രകാരം വൃദ്ധർക്ക് ടെണ്ടർ നടപടികളിലൂടെ കട്ടിൽ വാങ്ങി വിതരണം ചെയ്യുന്നു. കട്ടിലിന്റെ സ്പെസിഫിക്കേഷൻ ടെണ്ടർ നോട്ടിഫിക്കേഷനിൽ ചുവടെ ചേർക്കും പ്രകാരമായിരുന്നു.

98cmx90cm Wooden Cot, 60 Cm Back, 50 Cm Height, 8mm കനം, Plywood ഉറപ്പിച്ച കട്ടിൽ.
പ്രസ്തുത പദ്ധതി പ്രകാരം 3,180/-രൂപ നിരക്കിൽ 54 അക്കേഷ്യ കട്ടിലുകൾ വാങ്ങി വിതരണം ചെയ്തു.

പദ്ധതിയിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനമായ തമ്പുരാൻ കാലയിൽ (മഹാഗണി-2,939/-രൂപ)ഒഴിവാക്കി കൂടിയ നിരക്ക് ക്വാട്ട് ചെയ്ത കൈപ്പള്ളിൽ ഏജൻസീസിൽ (അക്കേഷ്യ-3,180/-രൂപ) നിന്ന് കട്ടിൽ വാങ്ങുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി ഗുണനിലവാരമുള്ളതാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് കൈപ്പള്ളിൽ ഏജൻസീസിൽ നിന്നും അക്കേഷ്യ കട്ടിൽ വാങ്ങി വിതരണം ചെയ്തിട്ടുള്ളത്. പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത് അക്കേഷ്യ കട്ടിലിന് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കൈപ്പള്ളിൽ ഏജൻസീസിൽ നിന്നും കട്ടിൽ വാങ്ങാനായി തീരുമാനിച്ചു. ടെണ്ടർ നോട്ടിഫിക്കേഷനിൽ കട്ടിലിന്റെ സ്പെസിഫിക്കേഷൻ മാത്രമാണ് രേഖപ്പെടുത്തിയിരുന്നത്. അക്കേഷ്യ കട്ടിൽ എന്ന് രേഖപ്പെടുത്തിയിരുന്നില്ല. മാത്രവുമല്ല ഗുണനിലവാര പരിശോധന സംബന്ധിച്ച വിശദാംശങ്ങൾ മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുമില്ല. ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത തമ്പുരാൻ കാലയിൽ കട്ടിലിന് 3 വർഷത്തെ വാറന്റിയും രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു.

മേൽ കാരണങ്ങളാൽ മറുപടി അംഗീകരിക്കുന്നില്ല. ആയതിനാൽ 54 കട്ടിലുകൾ വാങ്ങുന്നതിനായി അധികം ചെലവഴിച്ച 13,014/- (3,180-2,939 = 241x54 എണ്ണം) രൂപ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കി ഒടുക്ക വരുത്തി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 1/26.11.2021 .

11. വയോജന ക്ഷേമം – വൃദ്ധർക്ക് കട്ടിൽ – Spill Over (173/21)

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പദ്ധതി | വയോജന ക്ഷേമം - വൃദ്ധർക്ക് കട്ടിൽ – Spill Over (173/21) |
| അടങ്കൽ തുക | 2,26,200/-രൂപ (SCP Fund) |

| | |
|---|---|
| ചെലവ് തുക | 1,59,500/-രൂപ (13/27.4.2020) |

ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനമായ AST MediTech (മഹാഗണി-3,125/-രൂപ) ഒഴിവാക്കി കൂടിയ നിരക്ക് ക്വാട്ട് ചെയ്ത കൈപ്പള്ളിൽ ഏജൻസീസിൽ (അക്കേഷ്യ-3,190/-രൂപ) നിന്ന് 50 എണ്ണം കട്ടിൽ വാങ്ങിയത് വഴി 3,250/-രൂപയുടെ (50x65/-രൂപ) നഷ്ടം സംഭവിച്ചു. വാങ്ങുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി ഗുണനിലവാരമുള്ളതാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് കൈപ്പള്ളിൽ ഏജൻസീസിൽ നിന്നും അക്കേഷ്യ കട്ടിൽ വാങ്ങി വിതരണം ചെയ്തിട്ടുള്ളത്. പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത് അക്കേഷ്യ കട്ടിലിന് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കൈപ്പള്ളിൽ ഏജൻസീസിൽ നിന്നും കട്ടിൽ വാങ്ങാനായി തീരുമാനിച്ചു. ടെണ്ടർ നോട്ടിഫിക്കേഷനിൽ കട്ടിലിന്റെ സ്പെസിഫിക്കേഷൻ മാത്രമാണ് രേഖപ്പെടുത്തിയിരുന്നത്. അക്കേഷ്യ കട്ടിൽ എന്ന് രേഖപ്പെടുത്തിയിരുന്നില്ല. മാത്രവുമല്ല ഗുണനിലവാര പരിശോധന സംബന്ധിച്ച വിശദാംശങ്ങൾ മിനിട്ടിസിൽ രേഖപ്പെടുത്തിയിട്ടുമില്ല. മേൽ കാരണങ്ങളാൽ മറുപടി അംഗീകരിക്കുന്നില്ല.

ആയതിനാൽ രണ്ട് പദ്ധതികളിലുമായി ആകെ നഷ്ടം സംഭവിച്ച 16,264/- രൂപ ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കി ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്.

നിരാകരിച്ച തുക-16,264/-രൂപ .

ഓഡിറ്റ് എൻക്വയറി നം. – 1/26.11.20 .

1-15 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു

2020-21 വർഷം സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികൾക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി, നം. | അടങ്കൽ തുക (₹) | ചെലവ് തുക (₹) | ബിൽ നം/ തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1. | തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായവും സ്ട്രീറ്റ് മെയിൻ വലിക്കലും (170/21) | 23,19,548/- (CFC ഫണ്ട്) | 23,19,548/- | 29/29.02.20& 37/31.3.21 | KSEB നല്ലിലയിൽ ഒടുക്കു വരുത്തി. |
| 2. | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (27/21) | 1,00,000/- (തനത് ഫണ്ട്) | 83,966/- (38,017/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം കിട്ടിയിട്ടില്ല) | 1220655/ 30.11.2020 | KSEB യിൽ ഒടുക്കു വരുത്തി. |
| 3. | തെരുവ് വിളക്കുകൾക്ക് വേണ്ടി ലൈൻ നീട്ടൽ (17/21) | 2,17,921/- (CFC ഫണ്ട്) | 1,31,293/- | 28/29.2.21 | KSEB നല്ലിലയിൽ ഒടുക്കു വരുത്തി. |

വിശദമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
തടസ്സപ്പെടുത്തിയ തുക-24,88,858/-രൂപ .
ഓഡിറ്റ് എൻക്വയറി നം.17/1.12.21 .

1-16 തുടർ സാക്ഷരതാ പരിപാടി - അനർഹർക്ക് ആനുകൂല്യം നൽകി

എച്ച്. എം. നിർവഹണം നടത്തിയ തുടർ സാക്ഷരതാ പരിപാടി അപാകതകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പദ്ധതി, നം | തുടർ സാക്ഷരതാ പരിപാടി, (155/21) |
| അടങ്കൽ തുക | 1,00,000/-രൂപ (തനത് ഫണ്ട്) |
| ചെലവ് തുക | 38,300/-രൂപ (2899096/24.3.21) |

ഹെഡ്മിസ്ട്രസ് നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ തുടർ സാക്ഷരതാ പരിപാടി പദ്ധതിയിൽ പത്താം തരം തുല്യത പരീക്ഷയ്ക്കായി 8 പഠിതാക്കൾക്ക് 1,850/-രൂപ നിരക്കിൽ 14,800/- രൂപയും പന്ത്രണ്ടാം തരം തുല്യത പരീക്ഷയ്ക്കായി 10 പഠിതാക്കൾക്ക് 2,350/-രൂപ നിരക്കിൽ 23,500/- രൂപയും ഉൾപ്പടെ ആകെ 38,300/- രൂപ സാക്ഷരതാ മിഷനിൽ 2020-21 സാമ്പത്തിക വർഷം ഒടുക്കിയിട്ടുണ്ട്. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. തുക പൂർണ്ണമായും വിനിയോഗിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

2. പന്ത്രണ്ടാം തരം തുല്യതാ പഠിതാക്കളിൽ 2 ഗുണഭോക്താക്കളും, പത്താം തരം തുല്യത പഠിതാക്കളിൽ 2

ഗുണഭോക്താക്കളും കരീപ്ര പഞ്ചായത്തിലുൾപ്പെടുന്ന വ്യക്തികളല്ലെന്ന് ഹാജരാക്കിയ രേഖകളിൽ കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് വിവരം | ഉൾപ്പെടുന്ന ഗ്രാമ പഞ്ചായത്ത് | രജിസ്റ്റർ ചെയ്ത കോഴ്സ് |
|---|---|---|
| ശ്രീമതി സുചിത, തടത്തിൽ വീട്, തെക്കതിൽ, കുഴിയം | പെരിനാട് | പത്താം തരം തുല്യത |
| ശ്രീമതി മായ ബി, തടത്തിൽ വീട്, തെക്കതിൽ, കുഴിയം | പെരിനാട് | പത്താം തരം തുല്യത |
| ശ്രീമതി ശ്രീജ എസ്, ചിറയിൽ വീട് ചേരിക്കോണം, കണ്ണനല്ലൂർ | തൃക്കോവിൽവട്ടം | പന്ത്രണ്ടാം തരം തുല്യതാ |
| ശ്രീ. അജ്മൽ എൻ, അജ്മൽ മൻസിൽ, പെരുമ്പുഴ | ഇളമ്പള്ളൂർ | പന്ത്രണ്ടാം തരം തുല്യത |

3. ഗുണഭോക്താക്കൾ കോഴ്സ് പാസായ സംബന്ധിക്കുന്ന സർട്ടിഫിക്കറ്റുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4. പത്താം തരം തുല്യതാ പഠിതാക്കളിൽ ഒരു ഗുണഭോക്താവായ ശ്രീമതി ശ്രീജ എസ്, ചിറയിൽ വീട്, ചേരിക്കോണം, കണ്ണനല്ലൂർ എന്ന വ്യക്തിയും പന്ത്രണ്ടാം തരം തുല്യത പഠിതാക്കളിൽ ഒരു ഗുണഭോക്താവായ ശ്രീമതി അശ്വതി റ്റി, രതീഷ് ഭവൻ, മടന്തകോട് എന്ന വ്യക്തിയും പട്ടികജാതി വിഭാഗത്തിൽ പെട്ടതാണ് എന്ന് ഹാജരാക്കിയ രേഖകളിൽ കാണുന്നു. സർക്കാർ നിർദ്ദേശാനുസരണം പട്ടികജാതി വിഭാഗത്തിൽ പെടുന്ന ഗുണഭോക്താക്കളുടെ കോഴ്സ് ഫീസ് പത്താംതരം തുല്യതാ കോഴ്സ് ഫീസ് 1,750/-രൂപ യും പന്ത്രണ്ടാം തരം തുല്യത കോഴ്സ് ഫീസ് 2,250/-രൂപയും പട്ടികജാതി വകുപ്പ് തന്നെ നിർവഹിക്കുമെന്ന് ഉള്ളതിനാൽ പഞ്ചായത്തിൽ നിന്ന് തുക ചെലവഴിക്കേണ്ടതില്ല (സർക്കുലർ നം. 48360/എഫ്.എം.1/2009/ത.സ്വ.ഭ.വ. 6.10.2009).

മേൽ അപാകതകളാൽ പട്ടികജാതി വിഭാഗത്തിൽ പെടുന്ന ഗുണഭോക്താക്കളുടെ കോഴ്സ് ഫീസായ 4,000/- രൂപ (1,750+2,250) തിരികെ ഈടാക്കി ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്. അപേക്ഷയിൽ മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലാണെന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ ടി ഗുണഭോക്താക്കൾക്കായി ചെലവഴിച്ച 6,050/- രൂപ (1850x2+2350x1) തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കാത്ത പക്ഷം ടി തുക നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയായി നിശ്ചയിക്കുന്നതാണ്.

നിരാകരിച്ച തുക-4,000/-രൂപ .
തടസ്സപ്പെടുത്തിയ തുക-6,050/-രൂപ .
ഓഡിറ്റ് എൻക്വയറി നം. – 3/26.11.21 .

1-17 സോളാർ പവർ പ്ലാന്റ് സ്ഥാപിക്കൽ - നിർദ്ദിഷ്ട നിരക്കിലധികം തുക നൽകി.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പരും, പേരും | 167/21 – സോളാർ പവർ പ്ലാന്റ് സ്ഥാപിക്കൽ |
| അടങ്കൽ | 2,82,800/-രൂപ (വികസന ഫണ്ട്)<br>6,67,200/-രൂപ (തനത് ഫണ്ട്) |
| ചെലവ് | 2,82,800/- (വികസന ഫണ്ട്) (25/11.04.20)<br>6,67,200/- (തനത് ഫണ്ട്) (5276932/28.1.21) |

പഞ്ചായത്താഫീസ് കെട്ടിടത്തിൽ 10KW ശേഷിയുള്ള സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്. പദ്ധതിക്കായി സർക്കാർ നിർദ്ദേശിച്ചിട്ടുള്ള എംപാനൽ സ്ഥാപനങ്ങളിൽ നിന്ന് മത്സരാധിഷ്ഠിത ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെയാണ് പദ്ധതി നിർവ്വഹണത്തിനായി കെൽട്രോണിനെ ചുമതലപ്പെടുത്തിയത്. വൈദ്യുത വിതരണ ശൃംഖലയുമായി നേരിട്ട് ബന്ധിപ്പിക്കുന്ന ഓൺഗ്രിഡ് സോളാർ പവർ പ്ലാന്റാണ് സ്ഥാപിച്ചിട്ടുള്ളത്. സോളാർ പവർ പ്ലാന്റ് സ്ഥാപിച്ചതിന് കെൽട്രോണിന്റെ 03/10/2020ലെ ഇൻവോയിസ് നം. 008/20-21 പ്രകാരം 9,56,100/-രൂപ ആവശ്യപ്പെട്ടിരുന്നു. മേൽ ബില്ലിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വിശദാംശം | എണ്ണം | നിരക്ക് (₹) | ജി.എസ്.ടി. (₹) | ആകെ (₹) |
|---|---|---|---|---|---|
| 1. | Supply Of 10 KWP On Grid Solar Power Generating System | 01 | 5,00,799/- | 5% | 5,25,839/- |
| 2. | Installation Of 10 KWP Solar Power Plant | 01 | 2,14,628/- | 18% | 2,53,261/- |

| | | | | | |
|---|---|---|---|---|---|
| 3. | Supply Of 5 KVA Online UPS & Battery | 01 | 1,50,000/- | 18% | 1,77,000/- |
| | ആകെ (₹) | | | | 9,56,100/- |

ഇൻഡ്യാ ഗവൺമെന്റിന്റെ Ministry Of New And Renewable Energy, 21/07/2020ലെ നം.318/38/2018-GCRT ഓഫീസ് മെമ്മോറാണ്ടം പ്രകാരം 2020-21 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന Grid Connected Rooftop Solar Photo Voltaire System ത്തിന് Bench Mark Cost നിർണ്ണയിച്ചിട്ടുണ്ട്. ഇതു പ്രകാരം 10 KW വരെ On Grid Model Solar Power Plant – 1 KW ന് 41/-രൂപ നിരക്ക് മാത്രമാണ് നൽകാവുന്നത്. ഇതിൽ All The Benchmark Costs Are Inclusive Of Total System Cost Including Photo-Voltaic Solar Modules, Inverters, Balance Of Systems Including Cables, Switches/Circuit Breakers /Connectors/ Junction Boxes, Mounting Structure, Earthing, Lightening Arrester, Cost Of Meters (If Any Other Than Net Meter), Local Connectivity Cost, Cost Of Civil Works, Foundations Etc. And Its Installation, Commissioning, Transportation, Insurance, Capital Cost Of Online Monitoring, Comprehensive Maintenance Charges For Five Years, Applicable Fees And Taxes Etc. The Above Mentioned Benchmark Costs Are Excluding Net Metering And Battery Back-up Costs എന്നാണ് ഓഫീസ് മെമ്മോറാണ്ടത്തിൽ നിർദ്ദേശിച്ചിട്ടുള്ളത്.

മേൽ ഉത്തരവ് പ്രകാരമുള്ള Benchmark Cost പ്രകാരം 10 KWP ശേഷിയുള്ള സോളാർ പവർ പ്ലാന്റിന് (ഓൺ ഗ്രിഡ്) 4,10,000/-രൂപ മാത്രമേ എല്ലാവിധ നികുതികളും ഉൾപ്പെടെ അനുവദിക്കാൻ സാധിക്കൂ. കെൽട്രോണിന് വർക്ക് ഓർഡർ നൽകിയത് 2019ലാണെങ്കിലും, സാധനങ്ങൾ നൽകിയ ഇൻവോയിസ് 03/10/2020ലേതാണ്. മാത്രമല്ല Benchmark Cost നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവിൽ 31/07/2020ന് ശേഷം നടപ്പാക്കുന്ന പദ്ധതികളിലേക്ക് പ്രാബല്യമുള്ളതായി വ്യക്തമാക്കിയിട്ടുണ്ട്.

കെൽട്രോണിന്റെ ബിൽ ക്രമ നം. (3) പ്രകാരം വാങ്ങിയ ബാറ്ററിയും, യു.പി.എസിനും ചെലവു ചെയ്ത തുക നികുതിയുൾപ്പെടെ 1,77,000/-രൂപ കുറവ് ചെയ്താൽ തന്നെ 7,79,100/-രൂപ നൽകേണ്ടതിൽ, അടങ്കൽ തുകയിൽ ലിമിറ്റ് ചെയ്ത് 7,73,000/-രൂപ നൽകിയിട്ടുണ്ട്. നിർദ്ദേശം പാലിക്കാതെ സോളാർ പവർ പ്ലാന്റിന്റെ വിലയിൽ അധികം നൽകിയ 1,15,839/- (₹5,25,839/- - ₹4,10,000/-) രൂപയും, ഇൻസ്റ്റലേഷൻ ചാർജ്ജിനത്തിൽ നൽകിയ 2,53,261/-രൂപയുമുൾപ്പെടെ 3,69,100/-രൂപ നൽകണമെന്നിരിക്കെ, അടങ്കലിൽ പരിമിതപ്പെടുത്തി നൽകിയ 3,63,000/-രൂപ നിർവ്വഹണോദ്യോഗസ്ഥനായ സെക്രട്ടറിയിൽ നിന്ന് ഈടാക്കി ഒടുക്ക വരുത്തി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം . - 14/01.12.2021 .

നിരാകരിച്ച തുക – 3,63,000/- രൂപ.

1-18 ഭവന പുനരുദ്ധാരണ പദ്ധതി - പണി പൂർത്തിയാക്കിയിട്ടില്ല

(1) പ്രോജക്ട് നമ്പർ 77/2020-21 (ഭവന പുനരുദ്ധാരണ പദ്ധതി-എസ്.സി.) പ്രകാരം ഭവന പുനരുദ്ധാരണ പദ്ധതിയ്ക്കായി പഞ്ചായത്തുമായി കരാറിൽ ഏർപ്പെടുകയും അഡ്വാൻസ് തുകയായ 37,500/-രൂപ കൈപ്പറ്റുകയും ചെയ്ത 4 ഗുണഭോക്താക്കൾ പണി പൂർത്തിയാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | ബിൽ നമ്പർ | തുക (₹) |
|---|---|---|---|
| 1 | സുഭദ്ര, സജി ഭവനം, നെല്ലിമുക്ക് | 22/2020-21 | 37,500/- |
| 2 | ഗംഗ എസ്, ചരുവിള വീട്, തുപ്പിലഴികം | 34/2020-21 | 37,500/- |
| 3 | പങ്കജാക്ഷി, ചൂരക്കാട് മേലതിൽ, ഇടയ്ക്കിടം | 45/2020-21 | 37,500/- |
| 4 | ബേബി, മാധവം, നെടുമൺകാവ് | 45/2020-21 | 37,500/- |

(2) പ്രോജക്ട് നമ്പർ 79/2020-21 ( ഭവന പുനരുദ്ധാരണ പദ്ധതി) പ്രകാരം ഭവന പുനരുദ്ധാരണ പദ്ധതിയ്ക്കായി പഞ്ചായത്തുമായി കരാറിൽ ഏർപ്പെടുകയും അഡ്വാൻസ് തുകയായ 25,000/-രൂപ കൈപ്പറ്റുകയും ചെയ്ത 2 ഗുണഭോക്താക്കൾ പണി പൂർത്തിയാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്,മേൽവിലാസം | ബിൽ നമ്പർ | തുക (₹) |
|---|---|---|---|
| 1 | സാലമ്മ ബാബു, ജോസിൻ വില്ല, ചൊവ്വള്ളൂർ | 24/2020-21 | 25,000/- |
| 2 | സരിത, മാവൂർ വീട്, നെടുമൺകാവ് | 34/2020-21, | 25,000/- |

ഭവന പുനരുദ്ധാരണ പ്രവർത്തികൾക്ക് മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ അടിയന്തിരമായി പ്രവർത്തി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ച് പൂർത്തീകരണ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. – 13/01-12-2021 .

1-19 മൊബൈൽ ടവറിന്റെ നികുതി നിർണ്ണയിച്ചില്ല

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 118 പ്രകാരം പഞ്ചായത്തിന്റെ അനുമതിയില്ലാതെ വാർത്താവിനിമയ ഗോപുരങ്ങളോ, വാർത്താവിനിമയ തൂണുകളോ സ്ഥാപിക്കുവാൻ പാടില്ല. പഞ്ചായത്ത് അധികൃതരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ഉളകോട് വാർഡിൽ (വാർഡ് നമ്പർ-11) കാഷ്യു ഫാക്ടറിയ്ക്ക് സമീപം ഒരു മൊബൈൽ ടവർ സ്ഥിതി ചെയ്യുന്നതായി ബോധ്യപ്പെട്ടു. എന്നാൽ പ്രസ്തുത ടവറിന്റെ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല. (സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 11-ാം വാർഡിൽ ടവർ സ്ഥിതി ചെയ്യുന്നില്ല). സ്ഥല പരിശോധനയിൽ പഞ്ചായത്തിന്റെ 11-ാം വാർഡിലുള്ള മൊബൈൽ ടവറിന് 22.09 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുണ്ട്. പ്രസ്തുത മൊബൈൽ ടവറിന്റെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. പെർമിറ്റ് എടുക്കാതെ അനധികൃതമായി നിർമ്മാണം നടത്തിയതാണെങ്കിൽ റെഗുലറൈസേഷൻ നടപടിക്രമങ്ങൾ സ്വീകരിച്ച് ഫീസ് ഈടാക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിരിക്കുന്ന എല്ലാ ടവറുകളുടേയും വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് ഭരണസമിതിയുടേയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്. നടപടികൾ പൂർത്തിയാക്കി വിശദാംശം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-20 തെറ്റായ ഉപയോഗക്രമത്തിനെ അടിസ്ഥാനമാക്കി വസ്തുനികുതി നിർണ്ണയിക്കുന്നു

തെറ്റായ ഉപയോഗക്രമത്തിനെ അടിസ്ഥാനമാക്കി വസ്തുനികുതി നിർണ്ണയിക്കുന്നതുമൂലം പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ നഷ്ടം സംഭവിക്കുന്നു.

(1) കരീപ്ര സർവ്വീസ് സഹകരണ ബാങ്കിന്റെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള ഉപയോഗക്രമത്തിൽ വരുന്ന കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത് ഓഫീസ് ഉപയോഗക്രമത്തിലുൾപ്പെടുത്തിയാണ്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർണ്ണയിച്ച വസ്തുനികുതി | | | | | | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതി | | |
|---|---|---|---|---|---|---|---|---|
| വാർഡ് നമ്പർ/കെട്ടിടനമ്പർ | ഉടമയുടെ പേര് | വിസ്തീർണ്ണം | ഉപയോഗ ക്രമം | നിരക്ക് | നിശ്ചയിച്ച വസ്തു നികുതി | ഉപയോഗ ക്രമം | നിരക്ക് | വസ്തു നികുതി |
| 8/972 | കരീപ്ര സർവ്വീസ് സഹകരണ ബാങ്ക് | 213.97 ച.മീറ്റർ | ഓഫീസ് ഉപയോഗം | 40 | 10343 | വാണിജ്യം | 60/ച.മീറ്റർ | 16133 |

വാണിജ്യാവശ്യത്തിനുള്ള ഉപയോഗക്രമത്തിൽ നികുതി നിർണ്ണയിക്കാതെ മേൽ പറഞ്ഞ രീതിയിൽ ഓഫീസ് ഉപയോഗക്രമത്തിൽ വസ്തുനികുതി നിർണ്ണയിച്ചതുമൂലം വസ്തുനികുതിയിനത്തിൽ പഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നു. വസ്തുനികുതി നിരക്ക് പുനർനിർണ്ണയിച്ച് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും വരവ് നഷ്ടം പൂർണ്ണമായും ഈടാക്കിയ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

2) സാഫിൽ ഇൻഡസ്ട്രീസിന്റെ ഉടമസ്ഥതയിലുള്ള കരീപ്ര ഗ്രാമപഞ്ചായത്തിലെ വാർഡ് നമ്പർ-9 ലെ 903 നമ്പർ കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത് ഓഫീസ് ഉപയോഗക്രമത്തിലാണ്. ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തിയായിരുന്നു നികുതി നിർണ്ണയിക്കേണ്ടിയിരുന്നത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർണ്ണയിച്ച വസ്തുനികുതി | | | | | | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതി | | |
|---|---|---|---|---|---|---|---|---|
| വാർഡ് നമ്പർ/കെട്ടിടനമ്പർ | ഉടമയുടെ പേര് | വിസ്തീർണ്ണം | ഉപയോഗ ക്രമം | നിരക്ക് | നിശ്ചയിച്ച വസ്തു നികുതി | ഉപയോഗ ക്രമം | നിരക്ക് | വസ്തു നികുതി |
| 9/903 | സാഫിൽ ഇൻഡസ്ട്രീസ് | 237.47 ച.മീറ്റർ | ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) | 40 | 9498 | ഇതരവ്യവസായ ങ്ങൾക്കാവശ്യമുള്ളവ | 60/ച.മീറ്റർ | 14248 |

